I ഇ.ബി. XV- കേരള നിയമസഭ/V-12

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2022 ജൂലൈ 18, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

33(*331) <u>വൈദ്യുതി ബോർഡ് സേവനങ്ങളുടെ ഡിജിറ്റൈസേഷൻ</u>

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, KSEBL നൽകുന്ന സേവനങ്ങൾ വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായി ആധുനികീകരിച്ച് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി ടോൾ ഫ്രീ നമ്പർ, 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രം, ഹോട്ട്ലൈൻ/WhatsApp സംവിധാനം, കണക്ഷൻ നടപടികൾ ത്വരിതപ്പെടുത്തുവാനായി ഗ്രീൻ ചാനൽ, വെബ് പോർട്ടൽ തുടങ്ങിയവയും

ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വൈദ്യുതി തടസ്സവും പുന:സ്ഥാപനവും സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിന് 'ഊർജ്ജ-ദൂത്' പദ്ധതിയും വൈദ്യുതിബിൽ സംബന്ധിച്ച വിവരങ്ങൾ എത്തിക്കുന്നതിന് 'ഊർജ്ജ സൗഹൃദ' പദ്ധതിയും താരിഫ്/ഉടമസ്ഥാവകാശം/കണക്റ്റഡ് ലോഡ് മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനും ഓൺലൈൻ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. ഉപഭോക്താകൾക്ക് വൈദ്യുതി സംബന്ധമായ സേവനങ്ങൾ സുതാര്യമായി നൽകുന്നതിനുവേണ്ടി ' സേവനങ്ങൾ വാതിൽപടിയിൽ' (Service at Door Step) എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. വൈദ്യുതി തകരാറുണ്ടായ സ്ഥലം ഉടനടി അറിയുന്നതിന് GSM നെറ്റ്‌വർക്ക് അധിഷ്ഠിത സാങ്കേതിക വിദ്യയായ കമ്മ്യൂണിക്കേറ്റിംഗ് ഫോൾട്ട് പാസ് ഡിറ്റക്ടർ (CFPD) സ്ഥാപിച്ചുവരുന്നതായും 2025 മാർച്ചോടെ എല്ലാ കണക്ഷനുകൾക്കും പ്രീപെയ്ഡ് സംവിധാനമുള്ള സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നതായും മന്ത്രി വ്യക്തമാക്കി. ചീമേനിയിൽ 400 മെഗാവാട്ട് വൈദ്യുത പദ്ധതി ആരംഭിക്കുമെന്നും പടിഞ്ഞാറേകല്ലടയിൽ സോളാർ പ്രോജക്ട് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും പാത്രക്കടവ് ജലവൈദ്യുതി പദ്ധതി സംബന്ധിച്ച് പുനഃപരിശോധന നടത്തുമെന്നും വോൾട്ടേജ് ക്ഷാമമുള്ള

പ്രദേശങ്ങളിൽ സ്ഥലലഭ്യതയ്ക്കനുസരിച്ച് സബ്സ്റ്റേഷനുകൾ സ്ഥാപിക്കുമെന്നും ആദിവാസി ഊരുകളിൽ വൈദ്യുതിയെത്തിക്കുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം, വനം-വന്യജീവി വകുപ്പുകളുമായി ആലോചിച്ച് നടപടി സ്വീകരിക്കുമെന്നും വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സർക്കാർ സ്കൂളുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

34(*332) <u>സഹകരണ മേഖലയിലെ കേന്ദ്ര സർക്കാർ ഇടപെടൽ</u>

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, സഹകരണ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് കേന്ദ്ര സർക്കാർ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ടെന്നും ടി വ്യവസ്ഥകൾ പ്രകാരം ഒരു ബാങ്കിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്താനും നിർദ്ദേശങ്ങൾ നൽകാനും ആർ.ബി.ഐ.-ക്ക് അർഹതയുണ്ടെന്നും നിയമഭേദഗതിക്കെതിരെ കേന്ദ്രഗവൺമെന്റിന് നിവേദനം നൽകുകയും സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ആദായ നികുതി നിയമത്തിൽ 194 N വകുപ്പ് കൂട്ടിച്ചേർത്തതിനെതിരെ കേന്ദ്രസർക്കാരിനെ

സമീപിച്ചിട്ടുണ്ടെന്നും ടി വിഷയത്തിൽ സഹകരണ സംഘങ്ങൾ ഹൈക്കോടതി മുഖാന്തരം സ്റ്റേ ഓർഡർ സമ്പാദിച്ചിട്ടുണ്ടെന്നും മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സഹകരണ മേഖലയെ ശക്തിപ്പെടുത്തി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന സഹകരണ ബാങ്ക്/പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന ഇടത്തരം /ചെറുകിട/ സൂക്ഷ്മ സംരംഭങ്ങൾക്കായി വിവിധ വായ്പാ പദ്ധതികൾ നടപ്പാക്കിവരുന്നു. വൺ ടൈം സെറ്റിൽമെന്റിലൂടെ വായ്പാ കുടിശ്ശിക തീർക്കുന്നതിനും ജപ്തിനടപടികൾ ഒരു പരിധിവരെ ഒഴിവാക്കുന്നതിനും സാധിച്ചിട്ടുണ്ടെന്നും ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് സഹകരണ സംഘങ്ങളിലെ സർപ്ലസ് ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും മാർക്കറ്റിലിടപെട്ട് വിലക്കയറ്റം നിയന്ത്രിക്കാൻ കൺസ്യൂമർഫെഡിന് കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കി. സഹകരണ മേഖലയിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് വിപണനം ചെയ്യുന്നതിന് ജില്ലകൾ തോറും കോ-ഓപ്പ് മാർട്ട് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്. കാർഷികോല്പന്നങ്ങൾ ശീതീകരിച്ച

വാഹനങ്ങളിൽ  വിപണനം നടത്തുന്ന സംവിധാനം എല്ലാ ജില്ലകളിലും തുടങ്ങുമെന്നും ഇടത്തരം/ചെറുകിട സംരംഭങ്ങളുടെ ഉല്പന്നങ്ങൾക്ക് പൊതുവായ ബ്രാൻഡിംഗ് നൽകുന്നതിന് നടപടി സ്വീകരിക്കുമെന്നും കേരഫെഡുമായി ആലോചിച്ച്  സഹകരണ സംഘങ്ങൾവഴി നാളികേരം സംഭരിക്കുന്ന കാര്യം പരിഗണിക്കുമെന്നും ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ടൂർ ഫെഡിന്റെ  ആഭിമുഖ്യത്തിൽ മൂന്നാറിലുൾപ്പെടെ ടൂറിസ്റ്റ് റിസോർട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുവെന്നും പട്ടികജാതി/ പട്ടികവർഗ്ഗ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും  ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

35(*333) <u>നികുതി ചോർച്ച തടയാൻ നടപടി</u>

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, രാജ്യമൊട്ടാകെ ജി.എസ്.ടി. വരുമാനത്തിലുണ്ടായ വളർച്ചയ്ക്കാനുപാതികമായി കേരളത്തിലും വർദ്ധനവുണ്ടാകുന്നുണ്ടെന്നും 2021-22 സാമ്പത്തിക വർഷം ചരക്ക് സേവന നികുതിയിനത്തിൽ 9,887.02  കോടി രൂപയും സംയോജിത ചരക്ക് സേവന നികുതിയിനത്തിൽ 14,098.27 കോടി രൂപയും സംസ്ഥാനത്തിന്  വരുമാനമുണ്ടായിട്ടുണ്ടെന്നും

സഭയെ അറിയിച്ചു. ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷത്തേയ്ക്കുകൂടി നീട്ടണമെന്നും അവശ്യസാധനങ്ങളുടെ ജി.എസ്.ടി. കുറയ്ക്കണമെന്നും ആഡംബര വസ്തുക്കളുടെ ഉയർന്ന നിരക്കിലുള്ള ടാക്സ് പുനഃസ്ഥാപിക്കണമെന്നും ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടെന്നും പ്രൊട്ടക്റ്റഡ് റവന്യൂ വർദ്ധിപ്പിക്കാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളതെന്നും കേരളത്തിനകത്തുള്ള വ്യാപാരത്തിന് ഇൻവോയ്സ് വേണമെന്ന കാര്യം കേന്ദ്രം അംഗീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ ഇൻവെസ്റ്റിഗേഷൻ, ഇന്റലിജൻസ് വിഭാഗങ്ങൾ വ്യാജ രേഖകളിലൂടെ ഇൻപുട്ട് ടാക്സ് വെട്ടിക്കുന്നവരെ കണ്ടെത്തി ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഇത്തരം സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് കേന്ദ്ര നികുതി രഹസ്യാന്വേഷണ വിഭാഗത്തെയും മറ്റു സംസ്ഥാനങ്ങളിലെ നികുതി വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നതായും മന്ത്രി അറിയിച്ചു. നികുതി പിരിവിൽ വർദ്ധനവുണ്ടാകാത്തതും ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാത്തതും കോവിഡും പ്രകൃതി ദുരന്തങ്ങളും ഏല്പിച്ച ആഘാതങ്ങളും ജി.എസ്.ടി. വരുമാനം പ്രതീക്ഷിച്ച തോതിൽ

ലഭിക്കാതിരിക്കാൻ കാരണമായി. സംസ്ഥാനത്ത് നികുതി വെട്ടിപ്പ് തടയുന്നതിനായി നടപ്പിലാക്കിയ ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കുന്നതിനായി Automatic Number Plate Recognition (ANPR) സംവിധാനം അതിർത്തി പ്രദേശങ്ങളിലും മറ്റ് സ്ഥലങ്ങളിലും കൂടുതലായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉപഭോഗത്തിനാനുപാതികമായി നികുതി വരുമാനം വർദ്ധിക്കാത്തത് സംബന്ധിച്ച് പഠനം നടത്തുന്നതിന് സി.ഡി.എസ്.-നെയും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (GIFT)-നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നികുതി നൽകുന്നതിനെക്കുറിച്ച് ബോധവത്ക്കരിക്കുന്നതിനായി സംസ്ഥാനമൊട്ടാകെ 'നികുതി എന്റെ ഉത്തരവാദിത്വമാണ്' ക്യാമ്പയിൻ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഇതിനായി 'ലക്കി ബിൽ സ്കീം' എന്ന മൊബൈൽ ആപ്പ് കൊണ്ടുവരുമെന്നും ജി.എസ്.ടി. കൗൺസിൽ നിയമങ്ങൾ സംബന്ധിച്ച സുപ്രീംകോടതി വിധി സംസ്ഥാനങ്ങൾക്ക് ചില കാര്യങ്ങളിൽ സ്വതന്ത്രമായ നിലപാടെടുക്കാൻ നിയമപരമായ അവസരം നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.